21-9-21 Manorama



നാളെ മുതൽ 25 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ നെറ്റ് ബോൾ ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്ന സംസ്ഥാന വനിതാ ടീം അംഗങ്ങൾ കൊരട്ടി നൈപുണ്യ കോളജിലെ പരിശീലനത്തിനു ശേഷം.

# നെറ്റ് ബോൾ ദേശീയ ചാംപ്യൻഷിപ്: വനിതാ ടീം പരിശീലനം സമാപിച്ചു

കൊരട്ടി● നെറ്റ്ബോൾ ദേശീയ ചാംപ്യൻഷിപ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിത ടീമിന്റെ പരിശീലനം നൈപുണ്യ കോളജിൽ സമാപിച്ചു. സമാപന യോഗത്തിൽ ടീം അംഗങ്ങൾക്കു യാത്രയയപ്പു നൽകി. കോളജ് പ്രിൻസിപ്പൽ ഫാ. കെ.ജെ.പോളച്ചൻ അധ്യക്ഷത വഹിച്ചു. നെറ്റ് ബോൾ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എസ്.നജ്മുദ്ദീൻ, ഫാ.റെൻസൺ ജോസഫ്, ഫാ.ജോസ് കറാച്ചിറ, എമിലി ഇട്ടിയച്ചൻ, പി.എ.ശ്രീജിത്, ഡോ.ജോയ് ജോസഫ് പുതുശേരി, നെറ്റ്ബോൾ ടീം സെലക്ടർ പി.പി.ജോസ്മോൻ, പരിശീലകരായ ഡിസിൽ ഡേവിസ്, അലൻമാത്യു ടോം എന്നിവർ പങ്കെടുത്തു. നൈപുണ്യ കോളജിലെ ജിതിൻ മാത്യു ആണു പരിശീലകൻ.ടീം അംഗങ്ങൾ: പി.എ. അൻല, എൻ.പി.സ്നേഹ, പി.കെ.ഐശ്വര്യ (മൂവരും കോഴിക്കോട്), അനുജോസഫ് (മലപ്പുറം), എൻ.പി.ശിൽപ, അമൃത പി.പ്രസാദ് (ഇരുവരും കൊല്ലം), എമിൻ വിൽസൺ, അമിത ബേബി (ഇരുവരും തൃശൂർ), എം.മഞ്ജിമ നായർ (തിരുവനന്തപുരം), പി.എസ്.ജിഷ്ണു പ്രിയ (വയനാട്), ആതിര മോൾ ഷാജി, അലീന ജോസ് (ഇരുവരും കോട്ടയം).